ENTRI

1 Crore User Downloads

# CURRENT AFFAIRS 16 AUG 2024



വിനയ് മോഹൻ ഖ്വത്ര

**2024 ഓഗസ്റ്റിൽ യു.എസിലെ ഇന്ത്യൻ സ്ഥാനപതിയായി ചുമതലയേറ്റ മുൻ വിദേശകാര്യ സെക്രട്ടറി**

വിനയ് മോഹൻ ഖ്വത്ര

---

**2024 ഫോർച്യൂൺ ഗ്ലോബൽ 500 കമ്പനികളുടെ പട്ടികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കമ്പനി**

വാൾമാർട്ട് (യു.എസ്.)

- പട്ടികയിൽ ആമസോൺ (യു.എസ്.) രണ്ടാം സ്ഥാനവും , സ്റ്റേറ്റ് ഗ്രിഡ് (ചൈന) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
- 9 ഇന്ത്യൻ കമ്പനികൾ പട്ടികയിൽ ഇടം നേടി.
- മുകേഷ് അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ആണ് 2024 ഫോർച്യൂൺ ഗ്ലോബൽ 500 പട്ടികയിൽ ഉയർന്ന റാങ്ക് നേടിയ ഇന്ത്യൻ കമ്പനി.പട്ടികയിൽ 86 ആണ് റിലയൻസിന്റെ റാങ്ക്.

---




**2024 ഓഗസ്റ്റിൽ പാരീസ് ഒളിമ്പിക്സ് 2024-ന്റെ സ്മരണിക തപാൽ സ്റ്റാമ്പുകൾ പുറത്തിറക്കിയ രാജ്യം**

ഇന്ത്യ

---




**വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് ആരംഭിച്ച പദ്ധതി**

ഡ്രീംവെസ്റ്റർ

---

**വയനാട് ദുരിതബാധിത മേഖലയിലെ വിദ്യാർഥികൾക്ക് സൗജന്യമായി നൈപുണ്യ പരിശീലനം നൽകുന്നതിനു രാജ്യാന്തര സ്കില്ലിംഗ് സെന്റർ സ്ഥാപിക്കുന്ന സ്ഥാപനം**

ജെയിൻ യൂണിവേഴ്സിറ്റി , കൊച്ചി

---

**സംസ്ഥാനത്തെ കാർഷികവികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് കൂടുതൽ ജനകീയവും സുതാര്യവുമാക്കാൻ വിവിധ സർക്കാർ യോഗങ്ങൾ പൊതുജനങ്ങൾക്ക് ലൈവായി കാണാൻ കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതി**

വെളിച്ചം

- വിർച്വൽ എൻഗേജ്മെന്റ് ഫോർ ലിവറേജിങ് ഇന്ററാക്ടീവ് കമ്യൂണിറ്റി ഹോൾഡ് അഗ്രികൾച്ചർ മാനേജ്മെന്റ് എന്നാണ് വെളിച്ചത്തിന്റെ പൂർണരൂപം.